# സി.എം.എസ്.യു.പി.എസ്
# ചേലക്കൊമ്പ്

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സി.എം.എസ്.യു.പി. സ്കൂൾ, ചേലക്കൊമ്പ് |
| വിലാസം | : | ചേലക്കൊമ്പ് പി.ഒ കോട്ടയം - 686540 |
| സ്കൂൾ കോഡ് | : | 32443 |
| വിദ്യാഭ്യാസ ഉപജില്ല | : | കറുകച്ചാൽ |
| വിദ്യാഭ്യാസ ജില്ല | : | കാഞ്ഞിരപ്പള്ളി |
| റവന്യൂ ജില്ല. | : | കോട്ടയം |
| ബി.ആർ.സി | : | കറുകച്ചാൽ |
| സി.ആർ.സി | : | നെടുംകുന്നം |
| ഗ്രാമപഞ്ചായത്ത് | : | നെടുംകുന്നം |
| ബ്ലോക്ക് പഞ്ചായത്ത് | : | വാഴൂർ |
| ജില്ലാ പഞ്ചായത്ത് | : | കോട്ടയം |
| നിയമസഭാ മണ്ഡലം | : | കാഞ്ഞിരപ്പള്ളി |
| ലോക സഭാ മണ്ഡലം | : | പത്തനംതിട്ട |
| താലൂക്ക് | : | ചങ്ങനാശ്ശേരി. |
| ഇ-മെയിൽ | : | cmsupschelakomp@gmail.com |
| വില്ലേജ് | : | നെടുംകുന്നം |

# ആമുഖം

കോട്ടയം ജില്ലയിൽ ഉൾപ്പെട്ട നെടുംകുന്നം ഗ്രാമപഞ്ചായത്തിലെ ചേലക്കൊമ്പ് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഒരു സ്കൂളാണിത്. നൂറ്റാണ്ടുകൾക്ക് മുമ്പ് വിദ്യാഭ്യാസപരമായും ഏറെ പിന്നിൽ നിൽക്കുന്നവരായിരുന്നു. ഇവിടുത്തെ ജനങ്ങൾ. ഇംഗ്ലീഷ് മിഷ്ണറിയുടെ ആഗമനത്തോടെ കേരളത്തിൽ നടന്ന വിദ്യാഭ്യാസ സാമൂഹിക പരിഷ്കരണ പരിപാടിയുടെ ഭാഗമായി 1865-ൽ അന്നത്തെ ഇംഗ്ലീഷ് മിഷ്ണറിയുടെ ഹെൻറി ബേക്കർ ജൂണിയർ ഈ പ്രദേശത്ത് ആരംഭിച്ച ഒരു ഇംഗ്ലീഷ് എലെമെന്ററി സ്കൂൾ ആണ്. പിന്നീട് ഇതൊരു മിഡിൽ സ്കൂളായി പിന്നീട് യു.പി. സ്കൂളായി ഉയർത്തപ്പെട്ടു.

സാമൂഹ്യ വ്യവസ്ഥയിൽ ഏറെ പിന്നോക്കം നിന്നിരുന്ന ഒരു ജനസമൂഹത്തെ ജീവിതത്തിന്റെ അഭ്യുന്നതിയിലേയ്ക്ക് കൈപിടിച്ചുയർത്താൻ ഈ വിദ്യാലയം കുഖാന്തിരമായിത്തീർന്നിട്ടുണ്ട്. ഈ പ്രദേശത്തെയും സമീപ പ്രദേശങ്ങളായ, ആനിക്കാട്, മല്ലപ്പള്ളി, നെടുംകുന്നം തുടങ്ങിയ സ്ഥലങ്ങളിലെയും ആയിരക്കണക്കിനു വരുന്ന

ജനങ്ങൾ ആശ്രയിച്ചിരുന്ന ഏക വിദ്യാലയമായിരുന്നു. ഇവിടെ വിദ്യ നേടിയവരിൽ പലരും ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉന്നത സ്ഥാനങ്ങളിൽ ജോലി ചെയ്യുന്നു. കാലത്തിനനുസരിച്ച് വിദ്യാഭ്യാസ മേഖലയിലുണ്ടായ പുരോഗതിയുടെ ഫലമായി നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇതിന്റെ സമീപ പ്രദേശങ്ങളിൽ സ്ഥാപിതമായെങ്കിലും ഇന്നും ഈ വിദ്യാലയം അതിന്റെ പാരമ്പര്യം കാത്തു സൂക്ഷിക്കുന്നു.

ഭിന്നശേഷിക്കാരും ഉയർന്ന ശേഷിക്കാരും അവരുടേതായ നിലകളിൽ തിളങ്ങേണ്ടത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. കുട്ടിയെ പുത്തൻ ചിന്തകളിലേയ്ക്ക് സർഗ്ഗാത്മകതയുടെ പുതിയ മാനങ്ങളിലേയ്ക്ക് എത്തിക്കേണ്ടത് അവശ്യം തന്നെയാണ്. അക്ഷരം അറിയുന്നവരുടെ, വായനയുടെ വസന്തം നുകരുന്നവരുടെ, വിവിധ ഭാഷകളിൽ നിപുണരായവരുടെ, ഗണിതത്തിന്റെ സൂക്ഷ്മതല അവഗാഹനത്തിലൂടെ നേടിയ വിദ്യാർത്ഥി സമൂഹം നാളെയുടെ സുവർണ്ണ നാമ്പുകളാണ്.

# ഉള്ളടക്കം


- ആമുഖം
- അക്കാദമിക കാഴ്ചപ്പാട്
- പ്രശ്നങ്ങൾ വെല്ലുവിളികൾ
- സ്കൂൾ വിളംബരം ചെയ്യുന്ന നന്മകൾ
- പ്രോജക്ടുകൾ
- ടാലന്റ് ലാബ്
- ജൈവ വൈവിധ്യ പാർക്ക്
- അക്കാദമിക പഠനപ്രവർത്തനങ്ങൾ
- ഉപസംഹാരം

# അക്കാദമിക കാഴ്ച്ചപ്പാട്

കേരളത്തിന്റെ സാംസ്കാരിക വൈവിധ്യകം കാത്തു സൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊണ്ട്. പ്രവർത്തിക്കുന്ന ഒരു സമൂഹത്തിന്റെ സൃഷ്ടിക്കാൻ ഉതകും വിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവം ഒരുക്കുന്നതിന് വേണ്ടി കൂട്ടായി പ്രവർത്തിക്കുക എന്ന കാഴ്ച്ചപ്പാടിൽ നിന്നുകൊണ്ടാണ് വിദ്യാലയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

കുട്ടിയുടെ കഴിവ് വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം. ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസലക്ഷ്യം കൈവരിച്ചുവോ എന്ന് ഉറപ്പ് വരുത്തുക എന്ന കാഴ്ച്ചപ്പാടിലൂടെ വിദ്യാലയ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകേണ്ടതാണ്.

പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറണമെങ്കിൽ സ്കൂളിന് തനതായ ഭൗതിക സാഹചര്യങ്ങൾ ആവശ്യമാണ്. സ്മാർട്ട് ക്ലാസ്സ് റൂം, കമ്പ്യൂട്ടർ ലാബ്, വിപുലമായ ലൈബ്രറി, ലാബോറട്ടറി സൗകര്യങ്ങൾ വിനോദോപാധികൾ കലാപരിപോഷണത്തിനുതകുന്ന പദ്ധതികൾ, ഹെൽത്ത് ക്ലബ്ബ് മുതലായവ ഇവയിൽ ഉൾപ്പെടുന്നു.

പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർ മുഖ്യധാരയിൽ എത്തുകയും കഴിവിന്റെ സാധ്യമായ ഉയർന്ന തലത്തിലേയ്ക്ക് എത്തിച്ചേരുകയും ചെയ്യും. പഞ്ചായത്ത് തലത്തിൽ ഇത്തരം കുട്ടികളുടെ പഠനവികാസവും മോണിറ്റർ ചെയ്യേണ്ടതും, കുടുംബപരവും സാമൂഹികവുമായ കാരണങ്ങൾ കണ്ടെത്തുന്നതിന് PTA / SMC -കളെ ചുമതലപ്പെടുത്തേണ്ടതുമാണ്.

ജനകീയ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടും. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സാഹചര്യം നടപ്പിൽ വരുത്തുന്നതിലൂടെ വോട്ടവകാശം ലഭിക്കുന്ന പ്രായത്തിൽ തൊഴിൽ ചെയ്യാനുള്ള കഴിവ് നേടും. സ്കൂളുകളിൽ കൗൺസലിംഗ് സൗകര്യം ലഭ്യമാകുന്നതിലൂടെ കുട്ടികൾക്ക് അവരുടെ മാനസിക സംഘർഷം ഒഴിവാകുന്നതിനുള്ള സാഹചര്യം ലഭിക്കും.

ലഹരിയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനും അവയ്ക്കെതിരായ മനോഭാവം വളർത്താനുമുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കും.

സ്കൂൾ തല ആരോഗ്യ വിദ്യാഭ്യാസത്തിന് മാർഗരേഖ തയ്യാറാക്കും. ഇതിനായി

പ്രചാരണ ബോധവത്കരണ പരിപാടികൾ വിദഗ്ദ്ദരുടെ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കും. ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള സംവിധാനം സ്കൂൾ കാമ്പസിൽ ഉണ്ട്. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിക്കുന്നത് ഒരു ശീലമായും ജീവിത രീതിയായും സ്കൂൾ ഘട്ടത്തിൽ തന്നെ മനസ്സിലാക്കാൻ ഇത് മൂലം സാധിക്കുന്നു.

കീടനാശിനികളുടെ അശാസ്ത്രീയ ഉപയോഗത്തിനെതിരെ പ്രചാരണം നടത്തുന്നതിലൂടെ കുട്ടികൾ ഇവയുടെ ദോഷങ്ങളെ പറ്റി ബോധവാന്മാരാകുന്നു. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായി കൃഷിരീതികൾ പരിചയപ്പെടുത്തും. ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ച് പ്രവർത്തിക്കാം.

ഓരോ വർഷത്തെയും അധ്യാപക പരിശീലനാവശ്യങ്ങൾ മുൻകൂട്ടി ശാസ്ത്രീയമായി നിർണയിക്കും. ഇതുവഴി അധ്യാപക പരിശീലനങ്ങൾ സർഗാത്മകമായും, കാലാവസ്ഥ വ്യതിയാനമടക്കമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്നതിന് സഹായകമായ

മനോഭാവം സൃഷ്ടിക്കാനും എൽ.പി, യു.പി ക്ലാസ്സുകളിൽ പൊതു വിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി പി.ടി.എ. പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ കലോചിതമായ വികസനം ഉറപ്പാക്കാൻ സാധിക്കും.

ഒന്നാം ക്ലാസ്സിൽ പഠനം തുടങ്ങി നാലാം ക്ലാസ്സ് കഴിയുമ്പോൾ കുട്ടികൾ എഴുത്തും വായനയും, ചതുഷ്ക്രിയകളും അറിഞ്ഞിരിക്കണം എന്ന കാഴ്ചപ്പാടിലൂന്നിയ വിദ്യാലയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും. മുകളിൽ പ്രസ്താവിച്ച പഠന നേട്ടങ്ങൾ ആർജ്ജിച്ച ഒരു കുട്ടിക്ക് അവന്റെ മുന്നോട്ടുള്ള പഠനം അനായാസകരമായി കൊണ്ടു പോകുന്നതിന് സാധിക്കും. ഇത് അധ്യാപകർ C.P.T.A, P.T.A, BRC, പൂർവ്വ വിദ്യാർത്ഥികൾ, വിരമിച്ച അദ്ധ്യാപകർ മറ്റ് അഭ്യുദയകാംക്ഷികൾ ഇവരുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിലൂടെ സാധ്യമാകും.

സർവ്വോപരി മനുഷ്യരെ മനുഷ്യരായി കാണാനും പരസ്പരം അംഗീകരിക്കാനും

അവശ്യത്തിലിരിക്കുന്നവരെ സഹായിക്കാനും മുതിർന്നവരെ അനുസരിക്കാനും ഓരോ കുട്ടിയെയും പ്രാപ്തനാക്കും. ഓരോ കുട്ടിയും ഈ കാര്യങ്ങളെപ്പറ്റി ബോധവാനായെങ്കി-ലേ വിദ്യാഭ്യാസം അതിന്റെ പൂർണ്ണതയി-ലെത്തി എന്ന് പറയാൻ സാധിക്കുകയുള്ളൂ. ഇതിനായി മൂല്യാധിഷ്ഠിത ക്ലാസ്സുകൾ സംഘടിപ്പിക്കും.

വൈവിധ്യമാർന്നതും തനിമയുള്ള-തുമായ അന്വേഷണങ്ങളിലൂടെയും ഇട-പെടലുകളിലൂടെയും പൊതുവിദ്യാഭ്യാസത്തെ കരുത്തുള്ളതാക്കി തീർക്കാം എന്ന വ്യക്ത-മായ കാഴ്ചപ്പാടോടെ ഞങ്ങൾ ഒത്തൊരു-മിച്ച് ഈ ദൗത്യത്തിൽ പങ്കാളികളാകുന്നു

# പ്രശ്നങ്ങൾ വെല്ലുവിളികൾ

* വർദ്ധിച്ചു വരുന്ന മൊബൈൽ ഫോൺ ഉപയോഗം
* കുട്ടികളിൽ ഉണ്ടാകുന്ന മാനസിക പിരിമുറുക്കം

# സ്കൂൾ വിളംബരം ചെയ്യുന്ന നന്മകൾ

* ആവശ്യത്തിന് ക്ലാസ്സ് മുറികൾ
* കുട്ടികൾക്കുള്ള കായിക, ശാരീരിക മാനസിക ഉല്ലാസത്തിനായി വിശാലമായ കളിസ്ഥലം
* 50,000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണി
* രണ്ടായിരത്തിലധികം പുസ്തകങ്ങളുള്ള ലൈബ്രറി
* പഠനത്തെ ആസ്വാദകരമാക്കുന്നതിന് ലാപ്പ്ടോപ്പ്, LCD പ്രൊജക്ടർ, ഇന്റർനെറ്റ് സേവനം, പത്രം.
* ആവശ്യത്തിന് ടോയ്ലറ്റ് സൗകര്യങ്ങൾ
* മികച്ച രീതിയിലുള്ള സയൻസ്, ഗണിത ലാബ്
* പൊതു വിജ്ഞാനം മെച്ചപ്പെടുത്താൻ ക്വിസ് പരമ്പര, പത്രവായന, Radio Podcast
* പാഠ്യേതര പ്രവർത്തനങ്ങൾ (കല, കായികം, ആരോഗ്യം) ~~തുടങ്ങിയവ~~. മെച്ചപ്പെടുത്താൻ ആവശ്യമായ പ്രവർത്തനങ്ങൾ

# പ്രോജക്ടുകൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• പ്രതിഭാ പോഷണ പരിപാടികൾ<br>• നാടകകളരി<br>• ജൈവവൈവിധ്യ പാർക്ക്<br>• സാഹിത്യ പോഷണ പരിപാടി<br>• ക്ലാസ്സ് പി.ടി.എ ശാക്തീകരണം.<br>• പ്രവർത്തി പരിചയ പഠനം<br>• പച്ചക്കറിത്തോട്ടം<br>• അഭിമുഖങ്ങൾ<br>• പോഷകാഹാര പരിപാടി<br>• ഭാഷാലാബ്<br>ദിനാചരണം<br>കായികപഠനം. | • ഡൈനിംഗ് ഹാൾ<br>• ക്ലാസ്സ് മുറികൾ<br>• വിശ്രമ മുറി<br>• മാലിന്യ സംസ്കരണം.<br>• ജന്മദിനത്തിൽ ഒരു പുസ്തകം അല്ലെങ്കിൽ പച്ചക്കറി കിറ്റ്.<br>• എന്റെ കൃഷി വീട്ടിലും സ്കൂളിലും<br>• മെട്രിക് മേളകൾ<br>• ഭാഷോത്സവം<br>• പ്ലാസ്റ്റിക് രഹിത കാമ്പസ്<br>* സെമിനാറുകൾ | • പി.ടി.എ ശാക്തീകരണം.<br>• പി.ടി.എ. എം.പി.ടി.എ<br>• വിദ്യാലയ വികസന സമിതി.<br>• പൂർവ്വവിദ്യാർത്ഥി സംഘടന<br>• ഗ്രന്ഥശാലകൾ ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വ അദ്ധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ വ്യവസായ ഗ്രൂപ്പുകൾ. എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>• പ്രാദേശിക P.T.A<br>• ഭവനസന്ദർശനം. |

# Talent Lab

* പ്രസംഗം
* സംഗീതം
* ചിത്രരചന
* കഥപറയൽ
* അഭിനയം
* ആലാപനം
* നിർമ്മാണം
* ശാസ്ത്രപരീക്ഷണം
* കായികം
* കൃഷി
* പൂന്തോട്ട നിർമ്മാണം
* സർഗാത്മക രചനകൾ
* സന്നദ്ധ പ്രവർത്തനം.

| വിഷയം | Sl. No | മേഖല /പദ്ധതി | കുട്ടികളുടെ എണ്ണം | കൺവീനർ | ചെയർമാൻ | നടപ്പാക്കുന്ന കാലം | പ്രതീക്ഷിക്കുന്ന ചെലവ്. |
|---|---|---|---|---|---|---|---|
| ഭാഷ. | 1. | പ്രസംഗം | | ഹരിബ മെൽവിൻ ചാക്കോ | സിസി മാത്യു | രണ്ടാഴ്ച്ചയിൽ | |
| | 2. | ആലാപനം | | വർഷരാജൻ | | മാസത്തിൽ | |
| | 3. | കവിത | | എൽസിമോൾ K.J | | ആഴ്ച്ചയിൽ | |
| | 4. | ഭാഷാപഠനം-ഇംഗ്ലീഷ് | | ജിൻസി തെന്നാൻ | | 2. ആഴ്ച്ചയിൽ | |
| | 5. | ഭാഷാപഠനം - ഹിന്ദി | | മിനിമോൾ M.J | | രണ്ടാഴ്ച്ചയിൽ | |
| ഗണിതം | 6. | ഗണിത പസിൽ | | സുനിത K.R | | മാസത്തിൽ | |
| | 7. | സാമൂഹ്യപ്രവർത്തനം | | രേണു.S. ലേഖ | | വർഷം | |
| | 8. | ശാസ്ത്രോപകരണം. | | ജെറിൻ K. ജോസഫ് | | വർഷത്തിൽ | |
| പ്രവൃത്തി പരിചയം | 9. | കാർഷിക പാഠം | | സിസി മാത്യു. | | വർഷത്തിൽ | |

വിഷയം : ജൈവ വൈവിധ്യ പാർക്ക്

പ്രവർത്തനം : നിർമ്മാണം

അവസ്ഥാ വിശകലനം : പ്രകൃതിയെയും ജീവജാലങ്ങളെയും സംരക്ഷിക്കേണ്ട-
തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അറിവില്ലായ്മ

പ്രതീക്ഷിത നേട്ടങ്ങൾ :- * പ്രകൃതിയെക്കുറിച്ചുള്ള ശരിയായ അവബോധം കുട്ടികൾക്ക് ഉണ്ടാകുന്നു

* ഔഷധ സസ്യങ്ങളുടെ പ്രാധാന്യവും ഉപയോഗവും മനസ്സിലാക്കൽ

* വിവിധയിനം ചിത്രശലഭങ്ങളെ പരിചയപ്പെടൽ.

| | | | | | | | |
|---|---|---|---|---|---|---|---|
| ഫെബ്രുവരി | ശലഭ ഉദ്യാനം | പ്രകൃതിയെ അടുത്തറിയാനും സംരക്ഷിക്കുവാനും താത്പര്യം കുട്ടികളിൽ വളർത്തിയെടുക്കുക എന്നത് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. | | | | | |
| മാർച്ച്. | ചിത്രശലഭങ്ങളെ ആകർഷിക്കൽ<br>ചിത്രപ്രദർശനം<br>I.C.T | സ്കൂളിലും പരിസരത്തും കണ്ടുവരുന്ന ചില ചിത്രശലഭങ്ങളെ ആകർഷിക്കുന്നതിനായി ശലഭോദ്യാനം നിർമ്മിക്കൽ<br>വിവിധയിനം ചിത്രശലഭങ്ങളുടെ പ്രദർശനം. | | | | | |